# ശ്രീ അന്നം: N P K മൂലക ഉപയോഗശേഷിയുള്ള മരച്ചീനി ഇനം

മരച്ചീനി കൃഷിക്ക് പോഷക മൂലക ആവശ്യകത പ്രത്യേകിച്ചും പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടേത് തുലോം കുറഞ്ഞ അളവിൽ ആവശ്യമുള്ള ഇനങ്ങൾ കർഷകരിലെത്തിക്കുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ സ്ഥാപനത്തിൽ 2008 മുതൽ നടത്തിയ ഗവേഷണങ്ങളുടെ ഫലമായി പുറത്തിറക്കിയ രണ്ട് മരച്ചീനിയുടെ ഇനങ്ങൾ ആണ് ശ്രീ അന്നം, ശ്രീ മന്ന എന്നിവ

CI – 905 എന്ന പേരിൽ ഈ സ്ഥാപനത്തിലെ ജനിതക ശേഖരത്തിൽ ലഭ്യമായിരുന്ന ഇനമാണ് 'ശ്രീ അന്നം' എന്ന പേരിൽ 2024 നവംബറിൽ കേരള സംസ്ഥാനത്തിനു വേണ്ടി പുറത്തിറക്കിയത്. ഈ ഇനം തുടർച്ചയായി ഒരേ സ്ഥലത്തു എട്ടു വർഷം വരെ ശുപാർശയുടെ 25 ശതമാനം NPK ഉപയോഗിച്ചു കൃഷി ചെയ്തപ്പോൾ ശുപാർശ പ്രകാരമുള്ള വളപ്രയോഗത്തിലൂടെ ലഭിക്കുന്ന (ഹെക്ടറിന് ഏകദേശം 40 ടൺ) വിളവ് ലഭിക്കുകയുണ്ടായി.

- ഈ ഇനങ്ങളുടെ കാലദൈർഘ്യം 9 മുതൽ 10 മാസം വരെയാണ്.
- ഏകദേശം 1.5 മീറ്റർ വരെ പൊക്കത്തിൽ വളരുന്ന ഈ ഇനങ്ങൾ സാധാരണ രണ്ടു ശിഖരങ്ങളായിട്ടാണ് കാണപ്പെടുന്നത്.
- ഇവയുടെ തണ്ടുകൾ ഇളം ഓറഞ്ച് നിറത്തിലുള്ളതും ഇലകൾ സാധാരണ പച്ച നിറമുള്ളതുമാണ്.
- NPK എന്ന പ്രധാന മൂലകങ്ങളുടെ ആവശ്യകത ശുപാർശയുടെ 25 ശതമാനം മാത്രം മതിയായതിനാൽ 75 ശതമാനം NPK ഈ ഇനങ്ങൾ കൃഷി ചെയ്യുമ്പോൾ ലാഭിക്കാൻ സാധിക്കും. അതായത് ഒരു ചെടിക്ക് ശുപാർശ പ്രകാരം യഥാക്രമം 18, 21, 14 ഗ്രാം യൂറിയ, റോക്ക് ഫോസ്ഫേറ്റ്, മുറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ വളങ്ങൾ നൽകേണ്ട സ്ഥാനത്തു അതിന്റെ നാലിലൊന്നു അളവായ മേല്പറഞ്ഞ വളങ്ങൾ യഥാക്രമം 4.5, 5.0, 3.5 ഗ്രാം നൽകിയാൽ മതിയാകും. അതായത് ഹെക്ടറിന് യഥാക്രമം 56, 62, 44 കി.ഗ്രാം യൂറിയ, റോക്ക് ഫോസ്ഫേറ്റ് (രാജ്ഫോസ് /മസൂറിഫോസ്), മുറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ നൽകണം.
- ഇവയുടെ കിഴങ്ങുകൾ ഏഴു ദിവസം വരെ കേടുകൂടാതെ സൂക്ഷിക്കാവുന്നതാണ്.
- മാംസം നല്ല മഞ്ഞ നിറമുള്ളതും ഉയർന്ന അളവിൽ (0.270 മി.ഗ്രാം/100 ഗ്രാം) കരോട്ടീൻ ഉള്ളതുമാണ്.
- നല്ല പാചകഗുണവും വേവും ഉള്ള ഈ ഇനത്തിന്റെ തോട് ക്രീം നിറത്തിലുള്ളതും തൊലി ബ്രൗൺ നിറവുമാണ്.
- കിഴങ്ങുകൾ മധുരമുള്ളതായതിനാൽ ഇവയിൽ കട്ടിന്റെ അംശം കുറവാണ് (40 മുതൽ 65 ppm).
- അന്നജത്തിന്റെ അളവ് (20 – 25%) സാധാരണ തോതിൽ മാത്രമുള്ള ഈ ഇനം ആഹാരമായി ഉപയോഗിക്കാൻ വളരെ പറ്റിയതാണ്.
- കിഴങ്ങുകൾ കോണിക്കൽ ആകൃതിയിലുള്ളതും ഏകദേശം 25 മുതൽ 30 സെന്റിമീറ്റർ നീളമുള്ളതുമാണ്.
- കോണിക്കൽ ആകൃതിയിലുള്ള ഈ ഇനത്തിന്റെ കിഴങ്ങുകൾ വിളവെടുക്കാൻ പാകത്തിൽ ഉപരിതലത്തിനോടടുത്തു തണ്ടിനോട് ചേർന്ന് മണ്ണിൽ കുനിഞ്ഞ രീതിയിൽ കാണപ്പെടുന്നതിനാൽ നല്ല വരൾച്ചയുള്ള സമയത്തു പോലും അനായാസം പിഴുതെടുക്കുവാൻ കഴിയും.

- ഇവയുടെ ചെടിയിൽ ഇലകൾ തിങ്ങി നിൽക്കുന്നതും വരൾച്ച സമയത്ത് പോലും കൊഴിയാത്തതുമായതിനാൽ ഒരു പരിധിവരെ ഇവ വരൾച്ചയെ സഹിക്കുന്നതായി കാണുന്നുണ്ട്.
- ഇലകുരുടിപ്പ് അഥവാ മൊസൈക് രോഗ സഹന ശേഷിയുള്ളതാണ്.
- തണ്ടിൽ മുട്ടുകൾ തമ്മിലുള്ള അകലം വളരെ കുറവായതിൽ, കൂടുതൽ നടീൽ വസ്തുക്കൾ ഓരോ കമ്പിൽ നിന്നും ലഭ്യമാക്കാൻ സാധിക്കും.



ശ്രീ അന്നം : ചെടിയുടെ വളർച്ചാ രീതി



കരോട്ടീൻ സമൃദ്ധമായ കിഴങ്ങിന്റെ മാംസ ഭാഗം




25 ശതമാനം NPK ഉപയോഗത്തിലെ വിളവ്



കിഴങ്ങിന്റെ ആകൃതി

എപ്രിൽ 2025

ടെക്നിക്കൽ ലീഫ് ലെറ്റ്: TL-10/2025

**ശ്രീ അന്നം: N P K മൂലക ഉപയോഗശേഷിയുള്ള മരച്ചീനി ഇനം**

കെ. സൂസൻ ജോൺ, എം.എൻ. ഷീല, സി. വിശാലാക്ഷി ചന്ദ്ര, ജെ. ശ്രീകുമാർ,
എസ്.ജെ. മോറെ, എ.എൻ. ജ്യോതി, ബി. സതീശൻ

പ്രസിദ്ധീകരിച്ചത്
ഡയറക്ടർ
ജി. ബൈജു

भाकृअनुप - केन्द्रीय कन्द फसल अनुसंधान संस्थान
(भारतीय कृषि अनुसंधान परिषद)
श्रीकार्यम, तिरूवनन्तपुरम 695 017, केरल, भारत
ICAR-Central Tuber Crops Research Institute
(Indian Council of Agricultural Research)
Sreekariyam, Thiruvananthapuram 695 017, Kerala, India
Tel. No. : 91 (471)-2598551 to 2598554; E-mail: director.ctcri@icar.gov.in, Website: https://www.ctcri.org